മാധ്യമം 1993 ജനുവരി 15 വെള്ളി

# മരം ലോബി തന്ത്രം പയറ്റുന്നു

കൽപറ്റ: വയനാട്ടിൽ മൂന്ന് ഡി.എഫ്.ഒ.മാർ നിലനിൽക്കെ സൗത്ത് വയനാട് ഡി.എഫ്.ഒ.ക്കെതിരെ മാത്രം മരം ലോബി മാർച്ചും പ്രചാരണവും നടത്തുന്നത് വെറും പകപോക്കൽ തന്ത്രമാണെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ, ശ്യാമ നേച്ചർ ലവേഴ്സ് ഫോറം കൺവീനർ സി.എ. ഗോപാലകൃഷ്ണൻ, കൺസ്യൂമർ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രസിഡൻറ് അഡ്വ. ഏലിയാസ് പോൾ എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

ഡി.എഫ്.ഒ നീതി നിഷേധിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കാതെ പതിനായിരക്കണക്കിന് രൂപ മുടക്കി പ്രചാരണവും മാർച്ചും നടത്തുന്നത് അപഹാസ്യമാണെന്ന് പ്രസ്താവനയിൽ പറഞ്ഞു.

വ്യാജ സ്കെച്ചും രേഖകളും ചമച്ച് കട്ടിംഗ് പെർമിറ്റുകൾ സമ്പാദിച്ചിരുന്ന ഏർപ്പാട് അവസാനിപ്പിക്കണം. ഇത്തരം പെർമിറ്റുകൾ ഉപയോഗിച്ച് വനംകൊള്ള നടക്കുന്നുണ്ട്. വനനിയമങ്ങൾ മറികടന്ന് വനാതിർത്തിയിൽ ഈർച്ചമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

മരം ലോബി കർഷകരക്ഷകരായി രംഗത്തുവന്നത് വിരോധാഭാസമാണ്.

വർഷംതോറും 4,000 ലോഡ് മരം ചുരം ഇറങ്ങുന്നുണ്ട്. ഇതിനിപ്പോഴും കുറവില്ല. തൊഴിൽ നഷ്ടപ്പെടുമെന്ന് പ്രചരിപ്പിക്കുന്നത് ശരിയല്ല.

വനനശീകരണത്തിൻെറ പിന്നിൽ പ്രവർത്തിക്കുന്ന സ്ഥാപിതതാൽപര്യക്കാരുടെ നീക്കത്തിൽ വയനാട് പ്രകൃതി സംരക്ഷണ സമിതി ഉൽക്കണ്ഠ പ്രകടിപ്പിച്ചു.

# മാർച്ച് ദുരുദ്ദേശ്യപരമെന്ന്

കൽപറ്റ: സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനൽ ഓഫീസിലേക്ക് നടത്തിയ മാർച്ച് ദുരുദ്ദേശ്യപരവും അനാവശ്യവുമാണെന്ന് വനം വകുപ്പിൻെറ ഒരുന്നത വക്താവ് അറിയിച്ചു.

സ്വകാര്യ വ്യക്തികളുടെ വനവിഭവങ്ങൾക്ക് കടത്തുപാസ് നൽകുന്നത് കേരള വനവിഭവ കടത്തുപാസ് നിയമങ്ങൾ അനുസരിച്ചാണ്. പാസിൻെറ പുറത്ത് തടികളുടെ വിശദമായ ലിസ്റ്റ് എഴുതുകയും വേണം. തടികളുടെ ലിസ്റ്റ് പാസിൻെറ പുറത്ത് എഴുതാൻ ഡി.എഫ്.ഒ പുറപ്പെടുവിച്ച ഉത്തരവാണ് കരിനിയമമെന്ന് ആരോപിക്കുന്നത്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും ഉത്തരമേഖലാ കൺസർവേറ്ററും സർക്കുലർ മുഖേന തടികളുടെ പൂർണ ലിസ്റ്റ് പാസിൻെറ പുറത്ത് എഴുതണമെന്ന് നിർബന്ധിച്ചിട്ടുണ്ട്.

പാസിനുള്ള അപേക്ഷ സഹിതം നൽകുന്ന ഭൂമിയുടെ സ്കെച്ച് ഫോറസ്റ്റ് സർവെയറെക്കൊണ്ട് പരിശോധിപ്പിക്കുന്നുണ്ട്. തഹസിൽദാർമാർ നൽകുന്ന സ്കെച്ചുകളിൽ അപാകതകൾ ഉള്ളതുകൊണ്ടാണ് ഇത്തരമൊരു നിബന്ധന വച്ചത്. വിലകൂടിയ വീട്ടിമരങ്ങൾ ഇത്തരം സ്കെച്ചുകളുടെ ബലത്തിൽ കടത്തിക്കൊണ്ടുപോയതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൻെറ പേരിൽ അഞ്ച് ഫോറസ്റ്റ് ഉദ്യോഗസ്ഥർ സസ്പെൻഷനിലായി. സർവീസിൽ നേരത്തെ ഉണ്ടായിരുന്ന ഡി.എഫ്.ഒ അടക്കം കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഇപ്പോൾ ഡി.എഫ്.ഒ.യുടെ സ്വന്തം ഇഷ്ടപ്രകാരം ഒരു തീരുമാനവും എടുത്തിട്ടില്ല. ഗവ. നിയമങ്ങളും ഉത്തരവുകളുമാണ് പാലിക്കുന്നത്. അനധികൃത തടി കടത്ത് അനുവദിക്കുന്ന പ്രശ്നവുമില്ല. ഇപ്പോഴെങ്കിലും ഇതെല്ലാം പാലിക്കപ്പെടുന്നുണ്ട്- വനം വകുപ്പിൻെറ വക്താവ് പറഞ്ഞു.

# 'മരം ലോബി സമരം പക തീർക്കൽ'

കൽപ്പറ്റ: വയനാട്ടിൽ മൂന്ന് ഡി. എഫ്. ഒ.മാർ ഉണ്ടായിരിക്കെ സൗത്ത് വയനാട് ഡി. എഫ്. ഒ.യ്ക്കെതിരേ മാത്രം മരം ലോബി നടത്തുന്ന മാർച്ചും സമരവും വില കുറഞ്ഞ പകപോക്കൽ തന്ത്രമാണെന്നു വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ, ശ്യാമ നേചർ ലവേഴ്സ് ഫോറം കൺവീനർ സി. എസ്. ഗോപാലകൃഷ്ണൻ, ഉപഭോക്തൃ ഏകോപന സമിതി ജില്ലാ പ്രസിഡൻറ് ഏലിയാസ്-പോൾ എന്നിവർ പ്രസ്താവിച്ചു.

ഡി. എഫ്. ഒ. നീതി നിഷേധിച്ചാൽ അതിനെതിരേ നിയമ നടപടി സ്വീകരിക്കുകയാണ് വേണ്ടത്. അല്ലാതെ പതിനായിരക്കണക്കിൽ രൂപ മുടക്കി മാർച്ചും സമരവും സംഘടിപ്പിക്കുന്നത് അപഹാസ്യമാണ്. വയനാട്ടിൽ റിസർവ് വനംപോലും വെട്ടിവെളുപ്പിക്കുന്നു.

കൊല്ലംതോറും ഈ ജില്ലയിൽനിന്ന് 4000 ലോഡ് മരമെങ്കിലും ചുരമിറങ്ങുന്നു. ഇപ്പോഴും കാര്യമായി കുറവില്ല. അതുകൊണ്ടു തന്നെ മര വ്യവസായ മേഖലയിലെ തൊഴിലാളികൾ പ്രതിസന്ധിയിലാണെന്ന പ്രചാരണത്തിന് അടിസ്ഥാനമില്ല.

നിയമം മറികടന്നു വനാതിർത്തിയിൽ പ്രവർത്തിക്കുന്ന മരം മില്ലുകളുടെ ലൈസൻസ് റദ്ദാക്കിയതും അനധികൃത മരം മുറി തടയാൻ നടപടികൾ സ്വീകരിച്ചതുമാണ് സൗത്ത് വയനാട് ഡി. എഫ്. ഒ.യ്ക്കെതിരേ തിരിയാൻ മരം ലോബിയെ പ്രേരിപ്പിച്ചതെന്നു പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

മനോരമ
1993 ജനുവരി 15

CLT 93/2/27 മലയാള മനോരമ

# അക്കേഷ്യ: ആക്ഷേപങ്ങൾ അവസാനിക്കുന്നു

ജോണി ലൂക്കോസ്

തൃശൂർ: മണ്ണിലെ ജലാംശം വറ്റിക്കുന്ന മരമാണ് അക്കേഷ്യ എന്ന നിഗമനത്തിന് അടിസ്ഥാനമില്ലെന്നു ലോകബാങ്ക് സഹായത്തോടെ പീച്ചി വനഗവേഷണകേന്ദ്രത്തിൽ നടത്തിയ പഠനത്തിൽ കണ്ടെത്തി.

അക്കേഷ്യയ്ക്കെതിരേ പരിസ്ഥിതിവാദികളും സംഘടനകളും ആക്ഷേപം ഉന്നയിച്ചതിനെത്തുടർന്നു ഗവൺമെൻറ് നിർദേശിച്ചത് അനുസരിച്ചാണ് അക്കേഷ്യയെപ്പറ്റി വിശദമായ പഠനം നടത്തിയത്. സാമൂഹിക വനവൽക്കരണത്തിനായി ലോകബാങ്ക് അനുവദിച്ച തുകയിൽനിന്ന് ഏഴര ലക്ഷം രൂപ ചെലവാക്കി നടത്തിയ ഈ പഠനത്തിൻെറ വിശദമായ റിപ്പോർട്ട് സംസ്ഥാന ഗവൺമെൻറിനും ലോകബാങ്കിനും സമർപ്പിച്ചു.

വനം ഗവേഷണകേന്ദ്രത്തിലെ പ്ലാൻറ് ഫിസിയോളജി വിഭാഗം മേധാവി ഡോ. ജോസ് കല്ലറയ്ക്കൽ, ഫീൽഡ് അസിസ്റ്റൻറ് സി. കെ. സോമൻെറ സഹായത്തോടെ നടത്തിയ പഠനം മൂന്നുവർഷംകൊണ്ടാണു പൂർത്തിയായത്.

കശുമാവ്, തേക്ക് എന്നിവയുമായി താരതമ്യം ചെയ്താണ് അക്കേഷ്യയുടെ ജല ഉപഭോഗം വിശകലനം ചെയ്തത്. ഒരുവർഷം അക്കേഷ്യ 1784 മില്ലിമീറ്റർ വെള്ളം ഉപയോഗപ്പെടുത്തുന്നെങ്കിൽ 1998 മില്ലിമീറ്ററാണു കശുമാവിൻെറ ഉപയോഗം. തേക്കിന് ഇത് 1497 ആണ്.

വേനൽക്കാലത്ത് അക്കേഷ്യ ഏറെ വെള്ളം മണ്ണിൽനിന്നു സ്വീകരിക്കുന്നില്ലെന്നു പഠനം വ്യക്തമാക്കി. മണ്ണിൽ ജലാംശം കൂടുതലുള്ളപ്പോഴാണ് അക്കേഷ്യ വെള്ളം ഏറെ വലിച്ചെടുക്കുന്നത്. എന്നാൽ, കശുമാവ് എല്ലാക്കാലത്തും വെള്ളം ഉപയോഗിക്കും. കിണറുകളിലും മറ്റും വെള്ളം അത്യാവശ്യമായിടത്തു കശുമാവു നട്ടാൽ ജലലഭ്യത കുറയുമെന്നു പഠനം സൂചിപ്പിക്കുന്നു.

വരണ്ട കാലാവസ്ഥയിൽ മണ്ണിലെ ജലം വലിച്ചെടുക്കുന്നതിൽ കശുമാവാണു മുന്നിൽ. വെള്ളം വലിച്ചെടുക്കാൻ സഹായിക്കുന്ന സൂക്ഷ്മ സുഷിരങ്ങൾ (സ്റ്റോമാറ്റ) അക്കേഷ്യ ഇലയിൽ ചൂടു സമയത്തു വേഗം അടയും. എന്നാൽ, കശുമാവ് ഈ സുഷിരങ്ങൾ തുറന്നുവച്ചു കൂടുതൽ വെള്ളമെടുക്കും.

അക്കേഷ്യയുടെ വേരുകൾ വളരെ ആഴത്തിലേക്ക് ഇറങ്ങില്ല. എന്നാൽ, കശുമാവിൻെറ വേര് ഒൻപതര മീറ്റർവരെ ആഴത്തിലോടുമെന്നു കാർഷിക സർവകലാശാലയിൽ നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ആഴത്തിൽനിന്ന് അക്കേഷ്യ വെള്ളം വലിച്ചെടുക്കുന്നില്ല.

സ്വേദനംവഴി നഷ്ടപ്പെടുന്ന ജലം അക്കേഷ്യയിലും കശുമാവിലും ഏതാണ്ടു തുല്യമാണ്. എന്നാൽ, ഇലച്ചാരത്തിൽ തങ്ങിനിന്നു ബാഷ്പീകരിച്ചു പോകുന്ന വെള്ളംകൂടി കണക്കിലെടുത്താൽ കശുമാവാണു വെള്ളം വറ്റിക്കുന്നതിൽ മുമ്പൻ എന്നു വരുന്നു. തേക്ക് ഇക്കാര്യത്തിൽ പിന്നിലാവാൻ കാരണം മൂന്നുനാലു മാസം അതിന് ഇലയില്ലാത്തതുകൊണ്ടാണെന്നും പഠനം തെളിയിച്ചു.


# 'വൈദ്യുതി വേലി പുനഃസ്ഥാപിക്കണം'

കൽപ്പറ്റ: വയനാട് വന്യജീവി സങ്കേതത്തിലെ ബത്തേരി റെയിഞ്ചിൽ കൊല്ലൂർ, പുത്തൂർ, മണിമുണ്ട, കാരമശേരി, മൂലങ്കാവ് തുടങ്ങിയ പ്രദേശങ്ങളിൽ റിസർവ് വനത്തിൻെറയും കൃഷിയിടങ്ങളുടെയും അതിരിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത വേലികൾ പൊളിച്ച് മാറ്റി വന മദ്ധ്യത്തിലൂടെ സ്ഥാപിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ അഴിച്ച് മാറ്റിയിട്ടുള്ളള വൈദ്യുത വേലി ഉടനടി പുനഃസ്ഥാപിക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ ആവശ്യപ്പെട്ടു.

നിലവിലുണ്ടായിരുന്ന വേലി ഫോറസ്റ്റ് അധികൃതർ അഴിച്ച് മറ്റിയതിനാൽ വന്യ ജീവികളുടെ ഭീഷണി നേരിടുന്ന കർഷകർ നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് സകല പിന്തുണയും വയനാട് പ്രകൃതി സംരക്ഷണ സമിതി നൽകും.

വനമദ്ധ്യത്തിലൂടെ വൈദ്യുത വേലിയുണ്ടെന്നത് നിയമ വിരുദ്ധവും, വന്യജീവി സംരക്ഷണത്തിൻെറ പ്രാഥമിക നിയമങ്ങളെ കാറ്റിൽ പറത്തുന്നതുമാണ്. അത് വന്യജീവികൾക്കോ കർഷകർക്കോ രക്ഷയില്ലാത്ത സ്ഥിതിയുണ്ടാക്കും. ആയിരക്കണക്കിന് ഏക്കർ വനം വേലിക്ക് പുറത്ത് ആകുന്നതോടെ വന്യജീവികളുടെ ആവാസ സ്ഥാനത്തിൻെറ വിസ്തൃതി ഭീമമായി കുറയുകയും; പരമ്പരാഗത സഞ്ചാര പതനങ്ങളും വാസ സ്ഥാനവും തടയപ്പെടുകയും ചെയ്യും.

പരമാവധി വന വിസ്തൃതി വന്യജീവികൾക്ക് വിഹരിക്കാൻ ലഭ്യമാക്കുകയും കർഷകർക്കും കാർഷിക വിളകൾക്കും പരമാവധി സംരക്ഷണം നൽകുകയും ചെയ്യുകയെന്ന വന്യജീവി സംരക്ഷണത്തിൻെറ തത്വം നശിപ്പിക്കുന്ന ശ്രമങ്ങൾ അധികൃതർ പൂർണ്ണമായി ഉപേക്ഷിക്കണമെന്നും ഇതിന് താൽപര്യമില്ലെങ്കിൽ കർഷകർ നടത്തുന്ന പ്രക്ഷോഭങ്ങളിൽ മുഴുവൻ പ്രകൃതി സ്നേഹികളെയും അണി നിരത്തുമെന്നും വയനാട് ജില്ലാ പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയലിൻെറ പ്രസ്താവനയിൽ പറയുന്നു.



ുസുൽത്താൻ പ്ലയിസിന് ലീഗ് പ്രസിഡൻ
ിഹാബ്തങ്ങൾ തറക്കല്ലിട്ടപ്പോൾ

## സി നി മ

### വയനാട്

**കൽപ്പറ്റ**

ജൈത്ര: 'വക്കീൽ വാസുദേവ്' 3 ഷോ
നൂൺഷോ- 'Thron in The Heart'
അനന്തപത്മ: 'ഊട്ടിപ്പട്ടണം' 3 ഷോ
നൂൺഷോ- അവളുടെ കഥ
വിജയ: 'നാളൈ ശെയ്തി' (തമിഴ്)3 ഷോ
മഹാവീർ മുവീസ്: 'വെങ്കലം'
നൂൺഷോ- 'ആയിരം ചിറകുള്ള മോഹങ്ങൾ'

**കാവുംമന്ദം**

പുഷ്പ: 'ചന്ദ്രഹാസം'
മാരുതി: 'മഹാനഗരം' 3 ഷോ
ലക്ഷ്മി: 'സവിധം' 3 ഷോ
നൂൺഷോ- 'സൂര്യൻ'

**സുൽത്താൻബത്തേരി**

സന്തോഷ്: 'സ്ഥലത്തെ പ്രധാന പയ്യൻസ്'3 ഷോ
നൂൺഷോ- 'അവൾ ഒരു രാപ്പാടി'
സാഗർ: 'റോജാ' തമിഴ് 3 ഷോ
സീന: 'മഹാനഗരം'
മാർ ബേസിൽ: 'വിയറ്റ്നാം കോളനി'

**മാനന്തവാടി**

മാരുതി: 'എല്ലാരും ചെല്ലണ്'
ജോസ്: 'സൂര്യഗായത്രി'
നൂൺഷോ- 'ട്യൂഷൻ ടീച്ചർ'
ലക്ഷ്മി: 'കൺഗ്രാജുലേഷൻസ് മിസ് അനിതാ മേനോൻ'

**അമ്പലവയൽ**

രാധാകൃഷ്ണ: 'പാവം പാവം രാജകുമാ, രൻ' 3 ഷോ

ചന്ദ്രിക 93 ഫെബ്രുവരി 5

# അനധികൃത തടികൾ കടത്താൻ ശ്രമം

മാനന്തവാടി: തവിഞ്ഞാൽ പഞ്ചായത്തിലെ കുനംബെള്ള ഏലം എസ്റ്റേറ്റിൽ അനധികൃതമായി മുറിച്ചിട്ട മരങ്ങൾ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ കടത്തിക്കൊണ്ടുപോകാൻ ശ്രമം നടക്കുന്നതായി പരാതിയുയർന്നു.

വടക്കേ വയനാട്ടിൽ വ്യാപകമായി നടന്ന അനധികൃത മരംമുറിക്കലിൻെറ റിപ്പോർട്ടുകൾ 'മംഗള'ത്തിൽ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് കുനംബെള്ള ഉൾപ്പെടെയുള്ള എസ്റ്റേറ്റുകളിലെ മരം മുറി മാനന്തവാടി ആർ.ഡി.ഒ. തടഞ്ഞിരുന്നു.

ഇപ്പോൾ 'മുറിച്ച മരങ്ങൾ കേടുവരാതിരിക്കാൻ വനംവകുപ്പ് ഏറ്റെടുക്കുന്നു' എന്ന വ്യാജേന പേര്യ ചുരമിറക്കാനാണ് പരിപാടി എന്നറിയുന്നു. റവന്യൂ വകുപ്പിനെ അറിയിക്കാതെയാണ് മുറിച്ച മരങ്ങൾ ചുരം കടത്തുന്നത്. ഇതിനെപ്പറ്റി അഭിപ്രായമാരാഞ്ഞപ്പോൾ മരം മുറിക്കുന്നത് താൽക്കാലികമായി തടയാൻ മാത്രമേ റവന്യൂവകുപ്പിനു അധികാരമുള്ളൂവെന്നും പിന്നീടുള്ള കാര്യങ്ങൾ വനംവകുപ്പാണ് നിശ്ചയിക്കുന്നതെന്നുമാണ് വനംവകുപ്പ് അധികൃതരുടെ മറുപടി.

റ്റി രൂപീകരിച്ചു. 1986–ൽ റോഡ് സോളിംഗ് നടത്തുകയും കഴിഞ്ഞവർഷം പഞ്ചായത്ത് ഒരുലക്ഷം രൂപ അനുവദിച്ചതിൽ 350 മീറ്റർ ടാറിംഗ് നടത്തുകയും ചെയ്തു. ബാക്കി ഭാഗം സഞ്ചാരയോഗ്യമാക്കണമെന്നതാണ് നാട്ടുകാരുടെ ആവശ്യം.

## ഹംസ ചാമ്പ്യൻ

കൽപ്പറ്റ: സാർവലോക തൊഴിലാളി ദിനാഘോഷത്തിൻെറ ഭാഗമായി നടന്ന വയനാട് ജില്ലാ കായികമേളയിൽ സി. ഹംസ വ്യക്തിഗത ചാമ്പ്യനായി.

ജില്ലാ സ്പോർട്സ് കൗൺസിലിൻെറ ആഭിമുഖ്യത്തിൽ നടന്ന മേളയിൽ വിജയികൾക്ക് മേപ്പാടി പഞ്ചായത്ത് പ്രസിഡൻറ് കെ. വാസു സമ്മാനങ്ങൾ വിതരണം ചെയ്തു.

## സമരപ്രചാരണ ജാഥ തുടങ്ങി

കൽപ്പറ്റ: കേരള സംസ്ഥാന കർഷക സംഘടനയുടെ ആഭിമുഖ്യത്തിൽ പുൽപ്പള്ളിയിൽ നിന്നാരംഭിച്ച സമരപ്രചാരണജാഥ സംസ്ഥാന പ്രസിഡൻറ് കുന്നേൽ കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ഇഞ്ചിയുടെ ക്രയനികുതി പിൻവലി

താലൂക്ക് കേന്ദ്രങ്ങളിൽ വഴിതടയൽ സമരം നടത്തുമെന്ന് ജാഥാക്യാപ്റ്റൻ കെ.ജെ. എൽദോ മുന്നറിയിപ്പുനൽകി.

## അഴിമതി തുറന്നുകാട്ടണം

കൽപ്പറ്റ: രാഷ്ട്രീയ അഴിമതികൾ തുറന്നുകാട്ടി സർവീസിലെ അഴിമതി ഇല്ലായ്മ ചെയ്യാൻ ശ്രമിക്കണമെന്ന് ജോയിൻറ് കൗൺസിൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എൻ. അനന്തകൃഷ്ണൻ പ്രസ്താവിച്ചു. ജോയിൻറ് കൗൺസിൽ വയനാട് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാ സെക്രട്ടറി പി.കെ. ജയരാജനും ബേബി കാസ്ട്രേയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

ശമ്പള തുല്യതാ സമിതിയുടെ ശുപാർശകൾക്ക് പകരം നിലവിലുള്ള ആനുകൂല്യങ്ങൾ നിലനിർത്തി കേന്ദ്ര പാരിറ്റി അനുവദിക്കണമെന്ന് സമ്മേളനം പ്രമേയം വഴി ആവശ്യപ്പെട്ടു.

പി. സുന്ദരൻ, കെ.സി. സ്കറിയ, എം. ബാലകൃഷ്ണൻ, ടി. അമ്മദ് എന്നി

# വയനാടൻ കാടുകളിലെ അതിഥികൾ മടങ്ങിത്തുടങ്ങി

പ്രത്യേക ലേഖകൻ

മുത്തങ്ങ (വയനാട്): വയനാടൻ കാടുകളിലിപ്പോൾ അന്യസംസ്ഥാനങ്ങളിൽനിന്നെത്തിയ 'വിരുന്നുകാരുടെ' ബഹളം. അതിർത്തി കടന്ന് വിലക്കുകളില്ലാതെ, യഥേഷ്ടം വിഹരിക്കാൻ അയൽസംസ്ഥാനത്തുനിന്നെത്തിയ ആനക്കൂട്ടങ്ങൾ കുറെശ്ശെയായി മടങ്ങിത്തുടങ്ങി.

ഏഷ്യയിലെ ഏറ്റവും വലിയ ആനസങ്കേതമായ മുതുമല വന്യജീവി സങ്കേതത്തിൽനിന്നും കർണാടകയിലെ ബന്ദിപ്പൂർ കാടുകളിൽനിന്നുമാണ് വർഷംതോറുമുള്ള ആനക്കൂട്ടങ്ങളുടെ പ്രവാഹം. ആനകളുടെ ഈ 'വിരുന്നുവരവി'ന് വ്യക്തമായ കാരണം ഇനിയും മനസ്സിലായിട്ടില്ല. എല്ലാ വർഷവും ജനുവരി മുതൽ മെയ് വരെ നീളുന്ന മുറതെറ്റാത്ത സന്ദർശന പരിപാടിയായി ഇത് നിലനിൽക്കുന്നു. ജൂൺ ആരംഭത്തോടുകൂടി വന്ന വേഗതയിൽത്തന്നെ തിരിച്ചുപോവുകയും ചെയ്യും.

തീറ്റയും വെള്ളവും തേടിയാണ് ആനകളുടെ വേനൽക്കാല സഞ്ചാരമെന്നാണ് ഔദ്യോഗിക ഭാഷ്യം. എന്നാൽ, വയനാട്ടിൽ കാണുന്ന പച്ചപ്പ് നഷ്ടപ്പെട്ടിട്ടില്ലാത്ത മുളങ്കൂട്ടങ്ങൾ ബന്ദിപ്പൂരിലും മുതുമലയിലും യഥേഷ്ടം ഉണ്ട്. വന്യജീവികൾക്ക് വെള്ളം കുടിക്കാൻ വയനാട്ടിൽ പ്രകൃതിദത്ത സ്രോതസ്സുകളാണുള്ളതെങ്കിൽ അതിരിനപ്പുറമുള്ള വനങ്ങളിൽ ഈ സ്രോതസ്സുകൾക്കു പുറമെ വനംവകുപ്പിൻെറ മേൽനോട്ടത്തിലുള്ള കൃത്രിമ ജലസ്രോതസ്സുകളും ധാരാളമുണ്ട്. കാട്ടുതീയാകട്ടെ, അന്യസംസ്ഥാനങ്ങളിലേതുപോലെ കേരള വനങ്ങളിലുമുണ്ട്.

ആനകൾ കൂട്ടത്തോടെ എത്തുന്ന സമയത്ത് ആനവേട്ടയും മുറപോലെ നടക്കുന്നുണ്ടെന്നാണ് അറിയുന്നത്. കൊമ്പിനുവേണ്ടി വെടിയുണ്ടക്കിരയായ പത്തോളം ആനകളുടെ ജഡം കഴിഞ്ഞ മാസങ്ങളിൽ അതിർത്തിക്കാടുകളിൽ കണ്ടെത്തിയിട്ടുണ്ട്. വനനിരീക്ഷണത്തിനുതകുന്ന അത്യാധുനിക സംവിധാനമുള്ള വാച്ച് ടവറുകൾ വയനാട്ടിൽ തീരെയില്ല. വയനാട്ടിലെ വിവിധ റേഞ്ചുകളിലായി 14 വാച്ച് ടവറുകൾ നിർമിക്കാൻ പരിപാടിയുണ്ടെങ്കിലും അതിനുള്ള പദ്ധതി ഇപ്പോഴും ഫയലിൽ വിശ്രമിക്കുകയാണ്. ഇപ്പോൾ മുത്തങ്ങയിലും തോൽപെട്ടിയിലും മാത്രമാണ് ടവർ ഉള്ളത്. അതിൽ മുത്തങ്ങയിലെ വാച്ച് ടവറിൽ. മൂർഖൻ പാമ്പുകൾ താമസമാക്കിയതുമൂലം പകൽസമയംപോലും ഇതിലേക്ക് കയറാനാവില്ല.

വയനാട്ടിൽ അങ്ങിങ്ങായി വനതുരുത്തുകളെ സംയോജിപ്പിച്ച് കേന്ദ്രസർക്കാറിൻെറ സഹായത്തോടെ 'എലിഫെൻറ് പ്രോജക്ടുകൾ' രൂപീകരിക്കാൻ നീക്കമുണ്ടായിട്ടും, തൊട്ടുരുമ്മികിടക്കുന്ന തോൽപെട്ടി, കുറിച്യാട്, സുൽത്താൻബത്തേരി, മുത്തങ്ങ എന്നീ വന്യജീവി സങ്കേതങ്ങളിലെ വനങ്ങളിൽ എത്ര ആനകൾ ഉണ്ട് എന്ന കണക്ക് വനംവകുപ്പിനുപോലും കൃത്യമായി അറിയില്ല. 1989-ലെ കണക്കെടുപ്പിൽ നാല് റെയ്ഞ്ചിലും കൂടി 851 ആനകളുണ്ടെന്നാണ് കണക്കാക്കിയിരുന്നത്. ഈ സർവേ നടന്നത് ഏപ്രിൽ മാസത്തിലായിരുന്നു. ഏപ്രിൽ മാസത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ആനകളുടെ പ്രവാഹമായതിനാൽ ഈ കണക്കെടുപ്പ് കൃത്യമായിരിക്കാൻ വകയില്ലെന്ന് വനംവകുപ്പിലെ വിദഗ്ധർ തന്നെ ചൂണ്ടിക്കാട്ടുന്നു.



അതിർത്തിയിലെ വയനാടൻ കാടുകളിലെത്തിയ ആന കൾ

കേരളത്തിലെ കാടുകളിലെത്തുന്ന കൊമ്പനും പിടിയും കുട്ടികളുമടങ്ങുന്ന ആനക്കൂട്ടങ്ങളെ കാണാൻ സന്ദർശകർക്ക് ഹരമാണ്. പക്ഷേ, വനാതിർത്തിയിലെ കർഷകർക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. വന്യജീവി സങ്കേതങ്ങളുടെ സംസ്ഥാന അതിരുകൾ ഒഴികെയുള്ള ഇതര അതിരുകളെല്ലാം ഏറെക്കുറെ കൃഷിയിടങ്ങളും ആൾപ്പാർപ്പുള്ള ഭാഗങ്ങളുമായതിനാൽ വന്യജീവികൾ വരുത്തുന്ന നാശനഷ്ടങ്ങൾ വമ്പിച്ചതാണ്. ഇതുമൂലം പ്രതിവർഷം നഷ്ടപരിഹാരമായി സർക്കാർ ഖജനാവിൽനിന്ന് ലക്ഷക്കണക്കിന് രൂപയാണ് ചെലവാകുന്നത്. ഇതിനുള്ള പരിഹാരമായി അടുത്തകാലത്ത് 'ഇലക്ട്രിക് ലൈവ് ഫെൻസിംഗ്' എന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇരുമ്പുകമ്പിവേലിയിലൂടെ വൈദ്യുതി കടത്തിവിടുന്ന രീതിയാണിത്.

കേരളത്തിൻെറ മറ്റു ഭാഗങ്ങളിലേക്കുകൂടി ലൈവ് ഫെൻസിംഗ് പരിപാടി വ്യാപിപ്പിക്കാൻ നീക്കങ്ങളാരംഭിച്ചിട്ടുണ്ട്. നിലമ്പൂരിനടുത്ത് നെടുങ്കയത്തും ഇപ്പോഴിത് പരീക്ഷിച്ചുവരുന്നു. വന്യജീവികൾ മൂലം കർഷകർക്കുള്ള ഭീതി അവസാനിപ്പിക്കാൻ ഇതുകൊണ്ടാവുമെന്നാണ് അധികൃതർ പറയുന്നത്.

കാട്ടാനശല്യത്തിന് അറുതിവരുത്താൻ ഉദ്ദേശിച്ച് ഉണ്ടാക്കിയ വൈദ്യുതി കമ്പിവേലികൾ പരാജയമാണെന്നും വേലികെട്ടുവാൻ സ്ഥാപിക്കുന്ന കാലുകൾ കാട്ടാനകൾ പിഴുതെറിഞ്ഞ് വിളവ് നശിപ്പിക്കുന്നത് ഇപ്പോഴും തുടരുന്നുണ്ടെന്നും കർഷകർ പറയുന്നു. സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻെറ ചില ഭാഗങ്ങളിൽ ആനകളുടെ ശല്യം ചെറുക്കാൻ ഇപ്പോൾ കിടങ്ങുകുഴിക്കുകയാണ് ചെയ്യുന്നത്.

## ഖാദി നിയമനം വിവാദത്തിൽ

മലപ്പുറം: മലപ്പുറം മഹല്ല് ജമാഅത്തുകളുടെ സംയുക്ത ഖാദിയായി നെല്ലിക്കുത്ത് ഇസ്മായിൽ മുസ്ലിയാരെ നിയമിച്ചത് വിവാദമായി. മുസ്ലിയാരെ ജില്ലാ ഖാദിയായി നിയമിച്ചുവെന്ന പ്രചാരണമാണ് വിവാദത്തിന് വഴിവെച്ചത്.

തന്നെ അംഗീകരിച്ച നൂറോളം മഹല്ലുകൾക്കു മാത്രമാണ് താൻ ഖാദിയായിരിക്കുകയെന്നും മറ്റുള്ള പ്രചാരണങ്ങൾ തെറ്റിദ്ധാരണകളാണെന്നും നെല്ലിക്കുത്ത് ഇസ്മായിൽ മുസ്ലിയാർ പറയുന്നു.

നെല്ലിക്കുത്ത് മുസ്ലിയാർ ജില്ലാ ഖാദിയാണെന്ന പ്രചാരണം ശരിവെക്കുംവിധമായിരുന്നു സ്ഥാനാരോഹണ ചടങ്ങിൽ പൊന്മള പി. അബ്ദുൽഖാദിർ മുസ്ലിയാരുടെ പ്രസംഗം. മലപ്പുറത്ത് ഇപ്പോഴാണ് ആധികാരികമായി ഒരു ഖാദി നിലവിൽ വന്നതെന്ന് അദ്ദേഹം പറഞ്ഞു. ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള മഹല്ലുകൾ ഇസ്മായിൽ മുസ്ലിയാരെ ഖാദിയായി അംഗീകരിച്ചുകഴിഞ്ഞു. ഇനി യാതൊരു പ്രശ്നവുമുണ്ടാകില്ല. ഇനിമുതൽ ജില്ലയിൽ പെരുന്നാളിനും നോമ്പിനും ഏകോപനമുണ്ടാകും -സംയുക്ത മഹല്ല് ജമാഅത്തിൻെറയും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെയും ജില്ലാ സെക്രട്ടറിയായ അബ്ദുൽ ഖാദിർ മുസ്ലിയാർ പറഞ്ഞു.

അതിനിടെ, സംയുക്ത ഖാദി നിയമനം ഭിന്നാഭിപ്രായം സൃഷ്ടിക്കുമെന്നാണ് സമസ്തയുടെ വിദ്യാഭ്യാസ ബോർഡ് വൈസ് പ്രസിഡൻറും ജംഇയ്യത്തുൽ ഉലമാ സംസ്ഥാന സെക്രട്ടറിയുമായ കെ.പി. മുഹമ്മദ് മുസ്ലിയാർ കൂറ്റനാടിൻെറ അഭിപ്രായം.

ഏതെല്ലാം മഹല്ലുകൾ അംഗീകരിക്കുന്നുവോ അവർക്ക് ഖാദിയായിരിക്കാമെന്നല്ലാതെ ഇസ്മായിൽ മുസ്ലിയാരെ ജില്ലാ ഖാദിയായി അംഗീകരിക്കാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ജില്ലയിലെ എല്ലാ മഹല്ലുകളും തെരഞ്ഞെടുക്കുന്ന ആൾക്കേ ജില്ലാ ഖാദിയാവാൻ കഴിയൂ. ശിഹാബ് തങ്ങളുടെ പ്രഖ്യാപനങ്ങളെ എതിർക്കാനായിരിക്കും പുതിയ ഖാദിയെ നിയമിച്ചതെന്ന് മുഹമ്മദ് മുസ്ലിയാർ കൂട്ടിച്ചേർത്തു.

# വർണങ്ങളിൽ കൊടുംചതി

കണ്ണൂർ: കെട്ടിട നിറഭ്രമത്തെ ചൂഷണം ചെയ്യുന്ന വർണങ്ങളുടെ ചതിക്കച്ചവടം. ഒരേ കമ്പനിയുടെ ഒരേനിറം പെയിൻറ് രണ്ട് കടകളിൽനിന്ന് വാങ്ങിയാൽ രണ്ട് വില. പെയിൻറ് വ്യാപാരത്തിലെ ഈ കിടമൽസരത്തിൽ ഉപഭോക്താക്കളുടെ കീശ ചോരുന്നതിന് പുറമെ വ്യാപാരികളുമായി കശപിശ നടത്തിയ മാനക്കേട് വേറെയും.

ഡിസ്റ്റംബർ, ഇനാമൽ പെയിൻറുകൾ, എമൽഷൻ തുടങ്ങിയ ഉൽപന്നങ്ങളിൽ വൻകിട കമ്പനികൾ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നുവെന്ന ആക്ഷേപം വ്യാപകമാവുന്നു. യാതൊരു നിയന്ത്രണവുമില്ലാതെയാണ് പെയിൻറുകൾക്ക് വില ഈടാക്കുന്നതത്രെ.

പെയിൻറ് പാക്കറ്റിൽ അച്ചടിച്ച വില ഒന്നുതന്നെ.. പക്ഷേ, അത് ഉപഭോക്താവ് നൽകിയ വിലയുടെ ഇരട്ടി കാണും. വിൽപനനികുതി അടക്കം ചെയ്ത വിലവിവരപ്പട്ടികയിലാണ് വഞ്ചന മറഞ്ഞിരിക്കുന്നത്. 150 രൂപ പാക്കറ്റിന്മേൽ വിലയുള്ള പെയിൻറുൽപന്നം 90-ഉം 100-ഉം രൂപക്ക് വ്യാപാരികൾക്ക് നൽകുന്നു. എന്നാൽ, മുഖവിലക്ക് വിൽക്കാൻ ആരും തുനിയാറില്ല. കച്ചവടരംഗത്ത മാൽസര്യം അക്ഷരാർഥത്തിൽ പെയിൻറ് 'ചന്ത'യായി മാറുന്നു. തോന്നിയ വിലക്ക് വിൽപന. കൂടിയാൽ മുഖവിലവരെ. ഉപഭോക്താവിൻെറ വായ മൂടുന്ന തന്ത്രം.

വ്യാപാരികളെ മാത്രം കുറ്റം പറയാവുന്നതല്ല ഈ രംഗത്തെ ചൂഷണമെന്നാണവർ ചൂണ്ടിക്കാട്ടുന്നത്. കമ്പനികളെയാണ് ശരിക്കും നിയന്ത്രിക്കേണ്ടത്. എന്നാൽ, പെയിൻറ് വ്യാപാരരംഗത്തെ കിടമൽസരത്തിൽ പിടിച്ചുനിൽക്കാനുള്ള സൂത്രം പ്രയോഗിക്കുക മാത്രമേ കമ്പനികൾ ചെയ്യുന്നുള്ളൂവെന്നാണ് ഡീലർമാരുടെ വാദം. മുറുക്കാൻകടപോലെ പെരുകിയ പെയിൻറുകടക്കാർ തമ്മിൽ കടുത്ത മൽസരമാണ്. പെയിൻറർമാർക്ക് കമീഷൻ നൽകി വ്യാപാരം പിടിച്ചുനിർത്തുന്ന പ്രവണത ഏറിയതിനാലാണ് വിൽപനരംഗത്ത് വില ഏകീകരിക്കാൻ കഴിയാതെ പോകുന്നതെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു. നൂറ് രൂപയുടെ വിൽപനക്ക് 10-ഉം 15-ഉം രൂപ പെയിൻറർമാർക്ക് കമീഷൻ നൽകുന്ന രീതിയാണ് ഇപ്പോഴുള്ളത്. കമീഷൻെറ തോതനുസരിച്ച് പെയിൻറ് വിലയിൽ മാറ്റം വരും. വിലയിലെ ഈ വൈരുദ്ധ്യം നിത്യവും ഉപഭോക്താക്കളുമായി കശപിശയുണ്ടാക്കുന്നതിന് കാരണമാകുന്നു. ചൂഷണ വ്യാപാരത്തിന് വ്യാപാരികളും കമ്പനികളും ന്യായങ്ങൾ നിരത്തി രക്ഷപ്പെടും. എല്ലാറ്റിൻെറയും ദുരിതം പേറുന്ന ഒരു വിഭാഗമുണ്ട്- ഉപഭോക്താക്കൾ. അവർ എന്തുചെയ്യുമെന്നാണ് ചോദ്യം.

# അനധികൃതമായി മുറിച്ച മരം കടത്താൻ നീക്കം

മാനന്തവാടി: നിയമവിരുദ്ധമായി ഏലം, കാപ്പി തോട്ടങ്ങളിൽനിന്ന് മുറിച്ച ലക്ഷക്കണക്കിന് രൂപ വിലവരുന്ന വൻമരങ്ങൾ കടത്തിക്കൊണ്ടുപോവാൻ അണിയറയിൽ തകൃതിയായ ശ്രമം.

വടക്കെ വയനാട്ടിലെ പേര്യ ഹരിലാൻറ് എസ്റ്റേറ്റിലെയും പേര്യ 38-ലെ കുട്ടി പ്ലാൻേറഷനിലെയും ബ്രഹ്മഗിരി എസ്റ്റേറ്റിലെയും മുറിച്ചിട്ട വൻമരങ്ങളാണ് കടത്തിക്കൊണ്ടുപോവാൻ ശ്രമം നടക്കുന്നത്.

ഈ എസ്റ്റേറ്റുകളിൽ ചട്ടങ്ങൾ മറികടന്ന് മരങ്ങൾ മുറിക്കുന്നുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ മാനന്തവാടി ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ റവന്യൂ അധികൃതർ മരം മുറി തടയുകയും, മുറിച്ചിട്ട മരങ്ങൾ കണ്ടുകെട്ടുകയും ചെയ്തിരുന്നു. വനം വകുപ്പധികൃതർ നൽകിയ കട്ടിംഗ് പെർമിറ്റിൻെറ പിൻബലത്തിൽ ഏലത്തോട്ടങ്ങളിൽനിന്ന് വ്യാപകമായി മരം മുറിച്ചത് നിയമവിരുദ്ധമാണെന്ന് ആർ.ഡി.ഒ.യുടെ അന്വേഷണത്തിൽ വ്യക്തമായിരുന്നു. കേരള പ്രിസർവേഷൻ ട്രീസ് ആൻറ് റൂൾസ് പ്രകാരം ഏലം, കാപ്പി തോട്ടങ്ങളിൽനിന്ന് മരം മുറിക്കണമെങ്കിൽ ഏലം, കാപ്പി ബോർഡിൻെറ അനുമതി വാങ്ങണമെന്ന് 89-ൽ ഗവൺമെൻറ് ഇറക്കിയ വിജ്ഞാപനത്തിൽ പറയുന്നു. ഈ നിയമത്തിൻെറ നഗ്നമായ ലംഘനമാണ് ഇവിടെ നടത്തിയതെന്ന് അധികൃതർക്ക് ബോധ്യമായി. ഇതേതുടർന്നാണ് മരം മുറി ആർ.ഡി.ഒ. സ്റ്റേ ചെയ്തത്.

എന്നാൽ, ഏലച്ചെടികൾ പിഴുതുമാറ്റി ഏലത്തോട്ടമല്ലെന്ന് സർട്ടിഫൈ ചെയ്ത് മുറിച്ചിട്ട മരങ്ങൾ നീക്കം ചെയ്യാനാണ് ശ്രമം നടത്തുന്നത്.

വീട്ടി, ഇരുമ്പകം, പാലിവീട്ടി, വയനാവ്, വെണ്ടേക്ക് തുടങ്ങിയ വർഗത്തിൽപ്പെടുന്ന വൻമരങ്ങൾ മുറിച്ചവയിൽപ്പെടും.

## കലക്ടറേറ്റ് മാർച്ച് നടത്തി

കൽപറ്റ: മരംമുറിക്കെതിരെ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകർ കഴിഞ്ഞ ദിവസം കലക്ടറേറ്റ് മാർച്ച് നടത്തി.

തോട്ടങ്ങളിൽ ചട്ടം ലംഘിച്ച് മരങ്ങൾ മുറിക്കുന്നതായി പരിഷത്ത് ആരോപിച്ചു. കലക്ടറേറ്റ് പടിക്കൽ ധർണയും നടന്നു. എം.എ. പൗലോസ് ഉദ്ഘാടനം ചെയ്തു. ഡോ. അമ്പിചിറയിൽ, ഗോവിന്ദൻ, വി.പി. ബാലചന്ദ്രൻ, പി. സുരേഷ് ബാബു എന്നിവർ നേതൃത്വം നൽകി. സി.കെ. ശിവരാമൻ പ്രസംഗിച്ചു.

## കായികമേള മേപ്പാടിയിൽ

കൽപറ്റ: ജില്ലാ സ്പോർട്സ് കൗൺസിലിൻെറ ആഭിമുഖ്യത്തിൽ മെയ്ദിന കായികമേള മേപ്പാടിയിൽ നടക്കും. പി.പി.എ. കരീം ചെയർമാനായി സംഘാടക സമിതി രൂപീകരിച്ചു.

അത്ലറ്റിക്സ്, കമ്പവലി, വോളിബാൾ മൽസരങ്ങൾ മേപ്പാടി ഗവ. ഹൈസ്കൂൾ ഗ്രൗണ്ടിലും ഫുട്ബാൾ ടൂർണമെൻറ് അരപ്പറ്റ എസ്റ്റേറ്റ് ഗ്രൗണ്ടിലുമാണ് നടത്തുക.

പങ്കെടുക്കുന്ന കായികതാരങ്ങൾ തൊഴിലാളിയാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം മെയ് 1-ന് രാവിലെ 9-മണിക്ക് മൽസരസ്ഥലത്തെത്തണമെന്ന് കൗൺസിൽ സെക്രട്ടറി പി.ടി. ജോൺ അറിയിച്ചു.

# Nature protection council plea

Express News Service

KOZHIKODE – A meeting of the Wayanad Council for Protection of Nature at Sulthan Bathery the other day urged the Government to drop its reported move to construct guest houses and five star hotels in the guise of promoting tourism in Wayanad.

The council was of the opinion that such acts would harm the ecology of the region.

Mr Vyasan Anapara presided over the meeting. Mr Thomas Ambalavayal presented a report. Mr P K Uthaman and Mr P K Surendran were among the others who spoke on the occasion.

# വയനാട്ടിൽ നിന്ന് 60 ലക്ഷത്തിൻെറ വീട്ടിമരം കടത്തി

സ്വന്തം ലേഖകൻ

കൽപ്പറ്റ: വയനാട് ജില്ലയിൽ നിന്ന് കഴിഞ്ഞ ഒരുമാസത്തിനുള്ളിൽ 60 ലക്ഷം രൂപയുടെ വീട്ടിമരം കള്ളക്കടത്തുകാർ ചുരമിറക്കിയതായി അറിവായി.

തിരുവനന്തപുരം സെക്രട്ടേറിയറ്റിലെ റിക്കോർഡ് സെക്ഷനിലെ ഒരു ജീവനക്കാരൻെറ നേതൃത്വത്തിൽ നടന്ന വീട്ടി കള്ളക്കടത്തിനെപ്പറ്റി വനംവകുപ്പിൻെറ ഉയർന്ന ഉദ്യോഗസ്ഥന്മാർ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

മേപ്പാടി ഫോറസ്റ്റ് റേഞ്ചിൻെറ പരിധിയിലെ ചില ഏലത്തോട്ടങ്ങളിൽ നടന്നുവന്ന മരംമുറിയും മുറിച്ച മരം കടത്തിക്കൊണ്ടുപോകുന്നതും തടഞ്ഞുകൊണ്ട് വയനാട് ആർ.ഡി.ഒ. ഉത്തരവ് ഇറക്കിയതിന് പിറകെയാണ് വീട്ടിമര കള്ളക്കടത്ത് അരങ്ങേറിയത്.

ലക്കിടി ചെക്ക്പോസ്റ്റ് അധികൃതരുടെ അറിവോടെയാണ് വീട്ടി കള്ളക്കടത്ത് നടന്നതെന്നറിയുന്നു. കുറച്ചു നാളുകൾക്കു മുമ്പ് വയനാട്ടിലേക്ക് പണിഷ്മെൻറ് ട്രാൻസ്ഫറിൽ എത്തിയ തിരുവനന്തപുരം സ്വദേശിയായ ഒരു പോലീസ് ഡ്രൈവറെ ചുറ്റിപ്പറ്റിയും അന്വേഷണം നടക്കുന്നുണ്ട്.

വട്ടപ്പാറയിൽ ആർ.ഡി.ഒ. മരംമുറി നിരോധിച്ച ഒരു എസ്റ്റേറ്റിൽ നിന്നും വൈത്തിരിയിലെ മറ്റു രണ്ട് എസ്റ്റേറ്റുകളിൽ നിന്നുമുള്ള വീട്ടിമരങ്ങളാണ് ഡി.എഫ്.ഒ.യുടെ പാസ് വാങ്ങാതെ കടത്തിക്കൊണ്ടുപോയത്. മാർച്ച് 10-നും 15-നും ഇടക്കാണത്രെ രാത്രിയിൽ മരലോറികൾ ചുരമിറങ്ങിയത്.

വയനാട്ടിൽനിന്നും മരം കടത്തിയതു സംബന്ധിച്ച് തിരുവനന്തപുരത്ത് നിന്നാണ് വയനാട് ഡി.എഫ്.ഒ.ക്ക് വിവരം ലഭിച്ചത്. തിരുവനന്തപുരത്തെ ഒരു ഈർച്ചമില്ലിലാണ് കടത്തിയ മരത്തിൻെറ സിംഹഭാഗവും എത്തിച്ചിരിക്കുന്നത്. മാർച്ച് 11-ന് ഒരു ലോഡും 13-ന് അഞ്ചു ലോഡും വീട്ടിമരങ്ങൾ ചുരമിറക്കിയതായിട്ടാണ് താമരശേരി ചെക്ക്പോസ്റ്റിലെ രേഖകളിലുള്ളത്. ഈ കാലയളവിൽ സൗത്ത് വയനാട് ഡി.എഫ്.ഒ. വീട്ടിമരം കടത്തിന് പാസ് ഒന്നുപോലും വിതരണം ചെയ്തിരുന്നില്ല.

വ്യാജ പാസ് സംഘടിപ്പിച്ച് കൊടുക്കുന്ന ഒരു സംഘം കൽപ്പറ്റ കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായും ഉദ്യോഗസ്ഥന്മാർക്ക് വിവരം ലഭിച്ചിട്ടുണ്ട്. ഡി.എഫ്.ഒ. ഓഫീസിൽ നിന്നും മരം കടത്തിന് നൽകുന്ന പാസുമായി ഒത്തുനോക്കുമ്പോൾ തിരിച്ചറിയാൻ കഴിയാത്ത നിലയിലാണ് അവർ നൽകുന്ന വ്യാജ പാസുകൾ. കൽപ്പറ്റ ഹെഡ്പോസ്റ്റ് ഓഫീസിനു സമീപമുള്ള ഒരു ലോഡ്ജാണ് അവരുടെ താവളം.

മരലോറികൾ ലക്കിടി ചെക്ക്പോസ്റ്റ് കടത്താൻ സഹപ്രവർത്തകരുടെ സഹകരണത്തോടെ വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുത്തത് തിരുവനന്തപുരം സ്വദേശിയായ പോലീസ് ഡ്രൈവറാണ്. സെക്രട്ടേറിയറ്റിലെ ജീവനക്കാരൻ മരവ്യാപാരവുമായി ബന്ധപ്പെട്ട് വയനാട്ടിൽ എത്തിയത് മൂന്നുമാസം മുമ്പാണ്. തിരൂരിൽ 'ഫുഡ് വെയർ' നടത്തുന്ന ഒരാളുടെ സാമ്പത്തിക സഹായത്തോടെയാണ് ഇയാൾ വയനാട്ടിൽ മരവ്യാപാര രംഗത്തിറങ്ങിയത്. മരം കള്ളക്കടത്തു സംഭവം വെളിച്ചത്തായതോടെ 'മരവ്യാപാരി' ഉൾപ്പെടെയുള്ള നാലംഗ സംഘം മുങ്ങിയിരിക്കുകയാണ്.

മാധ്യമം - 1993 മാർച്ച് 19 വെള്ളി.



വാരാമ്പറ്റ പുഴയിൽനിന്ന് മണൽവാരൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ പഞ്ചായത്ത് ഓഫീസ് പിക്കറ്റ് ചെയ്യുന്നു

# ജില്ലയിലെ ഏഴ് ഏലത്തോട്ടങ്ങളിൽ മരംമുറി തടഞ്ഞു

സ്വന്തം ലേഖകൻ

**കൽപ്പറ്റ:** ഏറെ വിവാദമായ വറ്റൽപാറയിലെയും ഇതര ഏലത്തോട്ടങ്ങളിലെയും മരംമുറി തടഞ്ഞുകൊണ്ട് മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസർ എം. ശിവശങ്കർ ഉത്തരവായി.

അരുണഗിരി എസ്റ്റേറ്റ്, മീനാക്ഷി ...

ഇന്ത്യൻ ക്രിമിനൽ നടപടി നിയമവും പ്രകാരം നടപടിയെടുക്കുമെന്നും ഉത്തരവിൽ പറയുന്നു. ഏലത്തോട്ടങ്ങളിലെ മരംമുറിയെ സംബന്ധിച്ച് മാർച്ച് ആറ് ...

ചേർന്ന് 50 അടി മാത്രം ഉയരത്തിൽ നിന്നാണ് കഴിഞ്ഞ ജൂണിൽ ഉരുൾപൊട്ടിയിരുന്നത്. ബി.ആർ. ബ്രദേഴ്സ് എസ്റ്റേറ്റിന്റെ അധീനതയിലുള്ളതും വന...

ശത്തെ ഏലത്തോട്ടങ്ങളിൽ നിന്ന് മരംമുറിക്കാൻ വനംവകുപ്പ് കെ.പി.പി. ആക്ട് സെക്ഷൻ അഞ്ച് പ്രകാരം അനുമതി നൽകാൻ പാടില്ല. തഹസിൽദാർ നൽകിയ കൺ...

---

ഘടനാ ഭേദഗതി കൊണ്ടുവന്നത്. തെരഞ്ഞെടുക്കപ്പെട്ട അസംബ്ലികൾ യഥേഷ്ടം പിരിച്ചുവിടാനും സേനാനായകരെ തന്നിഷ്ടംപോലെ നിയമിക്കാനും പ്രസിഡൻറിന് അമിതാധികാരം നൽകുന്ന ഈ ഭേദഗതി ജനാധിപത്യ പ്രസ്ഥാനങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്നതായിരുന്നു. പാക്കിസ്ഥാൻ ഭരണകൂടം വ്യവസ്ഥാപിതമായല്ല നീങ്ങുന്നതെന്നു തോന്നിയാൽ ആ ഭരണകൂടത്തെ തൂത്തെറിയാനും എട്ടാം ഭരണഘടനാ ഭേദഗതി പ്രസിഡൻറിന് അധികാരം നൽകിയിട്ടുണ്ട്. എട്ടാം ഭരണഘടനാ ഭേദഗതിയിലൂടെ പ്രസിഡൻറിനു കൈവന്ന അമിതാധികാരത്തിന് ആദ്യം ഇരയാകേണ്ടിവന്നത് ജുനേജോ ഗവൺമെൻറാണ്. 1988-ൽ ജനറൽ സിയ ഉൾ ഹക്ക് തികച്ചും വ്യക്തിപരമായ കാരണങ്ങളാലായിരുന്നു മുഹമ്മദ് ഖാൻ ജുനേജോ ഗവൺമെൻറിനെ പിരിച്ചുവിട്ടത്. പിരിച്ചുവിടലിനെതിരേ ഫയൽചെയ്യപ്പെട്ട ഹാജി സെയ്ഫുള്ളാ കേസിൽ സിയാ ഉൾ ഹക്കിൻെറ നടപടി നിയമവിരുദ്ധമാണെന്ന് പാക്കിസ്ഥാൻ സുപ്രീംകോടതി വിധി എഴുതിയെങ്കിലും അതിനുമുമ്പ് സിയാ ഉൾ ഹക്ക് വിമാനാപകടത്തിൽ മരിച്ചുകഴിഞ്ഞിരുന്നു. 1988 ഓഗസ്റ്റിൽ സിയാ ഉൾ ഹക്ക് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞതിനെത്തുടർന്ന് ഉരുത്തിരിഞ്ഞ രാഷ്ട്രീയ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരുന്നതിനാൽ സുപ്രീംകോടതി നൽകിയ വിധിന്യായം പോക്കറ്റിൽ സൂക്ഷിച്ച് ജനകീയ കോടതിക്കു മുന്നിൽ അപ്പീൽ സമർപ്പിക്കാനേ ജുനേജോയ്ക്കു കഴിഞ്ഞുള്ളൂ. അന്നത്തെ തെരഞ്ഞെടുപ്പിലൂടെ ബേനസീർ ഭൂട്ടോയുടെ നേതൃത്വത്തിൽ പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടിയാണ് അധികാരമേറ്റത്.

ബേനസീർ ഭൂട്ടോയുടെ ജനാധിപത്യഭരണകൂടം തൻെറ ചൊൽപ്പടിക്കു

ത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം 10 ലക്ഷത്തിൽനിന്നു വർദ്ധിച്ച് റെക്കോഡിട്ടിരിക്കുകയാണെന്ന കണക്ക് അദ്ദേഹത്തിന് കനത്ത തിരിച്ചടിയായി. 170 ലക്ഷം ജനസംഖ്യയുള്ള ഒരു വ്യാവസായിക രാജ്യത്തെ സ്ഥിതി ഇത്ര രൂക്ഷമായി തുടരുമ്പോൾ അതിനുത്തരവാദിയായ പ്രധാനമന്ത്രിയെ എങ്ങനെ തുടരാൻ അനുവദിക്കുമെന്ന ചോദ്യം വിഷമപ്രശ്നമായി ലേബർപാർട്ടിക്കാരെ അമ്പരിപ്പിച്ചു.

ഈ അവസ്ഥയിൽ ലിബറൽ പാർട്ടിക്കാരനായ ജോൺ ഹ്യൂസൻ അടിച്ചുകസറി മുന്നോട്ടു കുതിക്കാനുള്ള എല്ലാ സാധ്യതകളുമുണ്ടായിരുന്നു. ബ്രിട്ടനിലെ യാഥാസ്ഥിതിക കക്ഷിക്കു സമാനമാണ് ആസ്ട്രേലിയയിൽ ലിബറൽ പാർട്ടി.

പുതിയ നികുതിസമ്പ്രദായം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനത്തോടെ അങ്കത്തട്ടിലിറങ്ങിയ ഹ്യൂസൻെറ തുടക്കംതന്നെ പാളിപ്പോയി. ഉപഭോക്താക്കൾക്ക് നികുതി


കീറ്റിംഗ്

സൂക്ഷിച്ചുവേണം. ഹ്യൂസൻെറ കൈയും നിങ്ങളുടെ പോക്കറ്റിലാണ്' എന്ന കീറ്റിംഗിൻെറ പരിഹാസം കുറിക്കുകൊണ്ടു.

ജോൺസ് ഹോപ്കിനിൽനിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. ഹ്യൂസൺ അമേരിക്കയിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ദ്ധനാണ്. അഭിപ്രായ വോട്ടെടുപ്പുകളിൽ കഴിഞ്ഞയാഴ്ചവരെ ഹ്യൂസനെക്കാൾ കീറ്റിംഗ് ഏറെ പിന്നിലായിരുന്നു. പുതിയ നികുതിയെ സംബന്ധിച്ചുള്ള പ്രഖ്യാപനത്തോടെ കീറ്റിംഗ് ഹ്യൂസനൊപ്പമെത്തി. ഒടുവിൽ ഹ്യൂസനെ അടിയറവു പറയിപ്പിച്ച് കീറ്റിംഗ് പ്രധാനമന്ത്രിക്കസേരയിലേക്ക്.

ഹ്യൂസൻെറ സാമ്പത്തികപരിഷ്...

# ഏലത്തോട്ടങ്ങളിലെ മരംമുറിക്കൽ തടഞ്ഞു

കൽപ്പറ്റ: വയനാട് ജില്ലയിലെ ഏലത്തോട്ടങ്ങളിൽ വൻതോതിൽ മരം മുറിക്കൽ നടക്കുന്നതായി അധികൃതർ സ്ഥിരീകരിച്ചു. വൈത്തിരി താലൂക്കിൽ മാത്രം പതിമൂന്നോളം തോട്ടങ്ങളിൽ മരം മുറിക്കുന്നുണ്ട്. ഇതിൽ ഏഴിടത്തെ മരംമുറിക്കൽ ആർ. ഡി. ഒ. ശിവശങ്കർ തടഞ്ഞു.

അരുണഗിരി, മീനാക്ഷിസുന്ദരം, നിർമല കരുണാകരൻ, മേലേമല, കെ. പി. ആർ. എം., എളമ്പിലേരി, കല്ലാടി-900 എന്നീ എസ്റ്റേറ്റുകളിലെ മരംമുറിയാണ് ആർ. ഡി. ഒ. നിരോധിച്ചത്. ഭൂവിനിയോഗ ചട്ടപ്രകാരം അനുമതി വാങ്ങാതെ തോട്ടങ്ങളിൽ നിന്നു മരം മുറിച്ചുകൂടെന്നും ഇതു ലംഘിക്കുന്നവർക്കെതിരേ അവശ്യസാധന ചട്ടവും ഇന്ത്യൻ ക്രിമിനൽ നടപടി നിയമവും അനുസരിച്ച് കേസ് എടുക്കുമെന്നും ഉത്തരവിൽ പറയുന്നു.

ഏലത്തോട്ടങ്ങളിലെ മരംമുറിക്കാൻ റവന്യൂ വകുപ്പിൽനിന്നു കേരള ലാൻഡ് യൂട്ടിലിറ്ററി അനുമതി വേണം (കെ. എൽ. യു. സർട്ടിഫിക്കറ്റ്) ലഭിക്കണം. അതുണ്ടെങ്കിലേ വനംവകുപ്പിൽനിന്നു കട്ടിംഗ് പെർമിറ്റ് കൊടുക്കാവൂ. നോട്ടിഫൈഡ് കാർഡമം ഹിൽ ഏരിയയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽനിന്നു മരം മുറിക്കുന്നതു വന സംരക്ഷണ നിയമത്തിലെ അഞ്ചാം വകുപ്പുപ്രകാരം നിരോധിച്ചിട്ടുണ്ട്. ചെമ്പ്രമല അടക്കമുള്ള മേപ്പാടി പ്രദേശമെല്ലാം നോട്ടിഫൈഡ് ഏരിയയാണ്.

നിയമം ലംഘിച്ചു നടത്തുന്ന വ്യാപകമായ മരംമുറിക്കെതിരേ വിവിധ സംഘടനകൾ സമര പ്രഖ്യാപനവുമായി രംഗത്തെത്തിയതോടെയാണ് മരംമുറിക്കൽ തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായത്.

## ഇറക്കുമതി വേണ്ട

പടിഞ്ഞാറത്തറ: റബർ ഇറക്കുമതി ചെയ്തു കർഷകരെ ദ്രോഹിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് റബർ ഉത്പാദക സംഘം ആവശ്യപ്പെട്ടു. ജില്ലയിലെ കർഷകർ നേരിടുന്ന പ്രതിസന്ധി പഠിക്കാൻ കമ്മിഷനെ നിയമിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. പി. സി. സ്കറിയ ആധ്യക്ഷ്യം വഹിച്ചു. സി. ടി. ജോൺ, പി. സി. ജോസഫ്, സുലൈമാൻ, മത്തായി പ്രസംഗിച്ചു.

## ഹരികല്യാൺ കേന്ദ്രം

മക്കിയാട്: കരിമ്പിൽ നെടുമ്പിലാശ്ശേരി കുറിച്യ കോളനിയിൽ കാനറ ബാങ്ക് ശാഖയുടെ ആഭിമുഖ്യത്തിൽ ഹരികല്യാൺ സെൻററും നെഹ്റു ചിൽഡ്രൻസ് ക്ലബ്ബും തുറന്നു. കെ. രാഘവൻ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. ബാങ്ക് മാനേജർ ആർ. ശെൽവമണി ആധ്യക്ഷ്യം വഹിച്ചു. പഞ്ചായത്ത് മെംബർമാരായ അപ്പച്ചൻ, തോമസ് മാത്യു, സുധാകരൻ, നെൽസൺ, പ്രദീപ് വർമ പ്രസംഗിച്ചു.

## വാഹനം വാങ്ങാം

കൽപ്പറ്റ: സംസ്ഥാന പട്ടികജാതി-വർഗ വികസന കോർപ്പറേഷൻ ജില്ലയിലെ പട്ടിക വിഭാഗക്കാർക്ക് വാഹനം വാങ്ങാൻ വായ്പ നൽകും. മൂന്നുപേർ ഒരുമിച്ച് അപേക്ഷ നൽകിയാലേ വായ്പ ലഭിക്കൂ. വാഹനം ഓടിക്കാനുള്ള ലൈസൻസ് ഒരാൾക്കെങ്കിലും വേണം. 18-നും 35-നു മധ്യേ പ്രായമുള്ളവരും 22000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനം ഉള്ളവരും ആയിരിക്കണം അപേക്ഷകർ. മാസം 1500 രൂപ ശമ്പളം പറ്റുന്ന രണ്ടു സർക്കാർ ജീവനക്കാരുടെ ജാമ്യം വേണം. ആവശ്യക്കാർ കോർപ്പറേഷൻെറ കൽപ്പറ്റയിലെ റീജനൽ ഓഫിസുമായി ബന്ധപ്പെടണം.

## സർട്ടിഫിക്കറ്റ് നൽകണം

കൽപ്പറ്റ: സംസ്ഥാന പട്ടികജാതി-വർഗ വികസന കോർപ്പറേഷൻെറ വയനാട് മേഖലാ ഓഫിസിൽനിന്നു വായ്പയെടുത്ത ആരെങ്കിലും മരിച്ചിട്ടുണ്ടെങ്കിൽ അവകാശികൾ എത്രയും വേഗം മരണ സർട്ടിഫിക്കറ്റ് സഹിതം കോർപ്പറേഷൻെറ കൽപ്പറ്റയിലെ റീജനൽ ഓഫിസുമായി ബന്ധപ്പെടണം.

## റോഡ് നന്നാക്കണം

മീനങ്ങാടി: ബത്തേരി-വട്ടത്തിമൂല-പുതിക്കാട് റോഡ് ഗതാഗതയോഗ്യമാക്കണമെന്ന് വട്ടത്തിമൂല പൗരസമിതി ആവശ്യപ്പെട്ടു. ടി. ജി. സുധാകരൻ ആധ്യക്ഷ്യം വഹിച്ചു.

## രാഷ്ട്രചേതനാ റാലി

മീനങ്ങാടി: ഹിന്ദു ഐക്യവേദിയുടെയും വിവിധ ഹൈന്ദവ സംഘടനകളുടെയും ആഭിമുഖ്യത്തിൽ രാഷ്ട്രചേതനാ റാലി നടത്തി. സ്ത്രീകളടക്കം നൂറുകണക്കിനു പേർ പങ്കെടുത്തു. പൊതുയോഗത്തിൽ കെ. പി. മോഹനൻ ആധ്യക്ഷ്യം വഹിച്ചു. ചുള്ളിയോട് യശോദ, പി. സി. ഗോപിനാഥ്, വി. കെ. രവീന്ദ്രൻ, കെ. എം. ഹരി പ്രസംഗിച്ചു.